# ജനമനസ്സുകളിൽ പ്രതിഷ്ഠ നേടിയ ടി.കെ ആലുവ

**ഒരു** പ്രസ്ഥാന പ്രവർത്തകൻ പൊതുരംഗത്ത് എപ്രകാരമായിരിക്കണമെന്നതിന്റെ ഏറ്റവും നല്ല ഉദാഹരണമാണ് ടി.കെ മുഹമ്മദ് ആലുവ. ജനകീയ വിഷയങ്ങളിലെ അദ്ദേഹത്തിന്റെ ഇടപെടൽ ശ്രദ്ധേയമായിരുന്നു. അതുവഴി അദ്ദേഹത്തിന് വലിയ ആദരവ് ലഭിച്ചു. ജനമനസ്സുകളിൽ ടി.കെയോടുള്ള സനേഹം കണ്ട് രാഷ്ട്രീയ നേതാക്കൾ പോലും അത്ഭുതപ്പെട്ടിട്ടുണ്ട്. നാട്ടിലെ പല തർക്കങ്ങളിലും ടി.കെയുടേതായിരുന്നു അവസാന വാക്ക്.

നാട്ടിലെ കുഴപ്പക്കാർ ടി.കെയുടെ മുന്നിൽ വളരെ വിനീതരാകുന്നത് മറക്കാനാവാത്ത കാഴ്ചയായിരുന്നു. അതുകൊണ്ടാണ് ടി.കെയുടെ നിര്യാണം ഒരു നാടിന്റെ മുഴുവൻ സങ്കടമായത്. പണിപൂർത്തിയായ ദാറുസ്സലാം പൈപ്പ് ലൈൻ റോഡിന് ടി.കെയുടെ പേരിടാൻ ഗ്രാമപഞ്ചായത്തിന് രണ്ടാമതൊന്ന് ആലോചിക്കേണ്ടി വന്നില്ല. ഒരുപക്ഷേ കേരളത്തിൽതന്നെ ആദ്യമായാവും ഒരു ജമാഅത്ത് പ്രവർത്തകന്റെ നാമത്തിൽ ഒരു റോഡ് അറിയപ്പെടുന്നത്. പള്ളിയും ഓർഫനേജും അനുബന്ധ സ്ഥാപനങ്ങളും നയിക്കാൻ സാമ്പത്തിക സഹായത്തിനായി ടി.കെ ആരുടെ മുന്നിലും കൈ നീട്ടിയിട്ടില്ല. സഹായങ്ങൾ ടി.കെയെ തേടിവരികയായിരുന്നു. സാമ്പത്തിക പ്രതിസന്ധി ഘട്ടങ്ങളിൽ പോലും അല്ലാഹുവിന്റെ സഹായത്തിൽ പ്രതീക്ഷയർപ്പിച്ച് അക്ഷോഭ്യമായിരുന്നു ആ മുഖം. താൻ നെഞ്ചിലേറ്റിയ ആസാമിൽനിന്ന് കൊണ്ടുവന്ന കുട്ടികളെ മക്കളേക്കാൾ സ്നേഹിച്ച ടി.കെ അവസാന നാളിൽ വിശ്രമമില്ലാതെ അവർക്കുവേണ്ടി സേവനങ്ങളർപ്പിക്കുകയായിരുന്നു. അവർ പഠിക്കുന്നതും ഭക്ഷണം കഴിക്കുന്നതും കളിക്കുന്നതും ടി.കെ ഏറെ നേരം നോക്കിയിരിക്കുമായിരുന്നു.

ടി.കെയുടെ കീഴിൽ ജോലി ചെയ്തിരുന്നവർക്ക് ടി.കെ എന്നും പിതൃതുല്യനായിരുന്നു. പ്രയാസങ്ങൾ മനസ്സിലാക്കാനും പരിഹരിക്കാനും ടി.കെക്കുള്ള കഴിവ് അതുല്യമായിരുന്നു. ഓർഫനേജിന് വേണ്ടി ധാരാളം സഹായങ്ങൾ ചെയ്ത ഒരു ഉദാരമതി ഒരിക്കൽ ഈ കുട്ടികളെ ഉച്ചഭക്ഷണത്തിന് തന്റെ വീട്ടിലേക്ക് കൊണ്ടുപോകാൻ ആഗ്രഹം പ്രകടിപ്പിച്ചു. എന്നാൽ ടി.കെ സ്നേഹപൂർവം അത് നിരസിച്ചു. അനാഥത്വത്തിന്റെ ഒരു തരിമ്പ് പോലും അറിയാതെ ഇവർ വളർന്നുവരുന്നത് കാണാനാണ് താൻ ആഗ്രഹിക്കുന്നതെന്ന് ഇതിനെക്കുറിച്ച് ടി.കെ പിന്നീട് പ്രതികരിച്ചു. കുട്ടികൾക്ക് ടി.കെ എന്നും ബാപ്പയായിരുന്നു. അദ്ദേഹത്തിന്റെ ഓർമകൾക്ക് ഒരിക്കലും മരണമില്ല.

**ടി.ബി അശ്റഫ് തായിക്കാട്ടുകര**




# പ്രതികരിക്കാതിരിക്കാൻ എന്തവകാശം?

**ശ്രീലങ്കയിലെ** കൂട്ടക്കുരുതിയെയും മനുഷ്യാവകാശ ലംഘനങ്ങളെയും പ്രതി സോളിഡാരിറ്റി പുലർത്തിയ മൗനം സംഘടനയുടെ നാളിതുവരെയുള്ള പ്രവർത്തനങ്ങളെ മനസ്സാ പിന്തുണച്ചവരെ നിരാശപ്പെടുത്തുന്നതായി. ഫലസ്ത്വീനിലും അഫ്ഗാനിലും ഇറാഖിലും നടക്കുന്ന മനുഷ്യക്കുരുതികളെ അപലപിക്കുന്നതിലും പ്രതിഷേധ റാലികളും മറ്റും സംഘടിപ്പിക്കുന്നതിലും മുൻപന്തിയിലുണ്ടാവാറുള്ള സോളിഡാരിറ്റി, ലങ്കയിലെ സിംഹള സേനയുടെ ക്രൂരതകളോട് മൗനം പാലിച്ചതെന്തുകൊണ്ട്?

നമ്മുടെ നാടിന്റെ ചാരത്തു കിടക്കുന്ന, നമ്മോട് ചാർച്ച പുലർത്തുന്ന ശ്രീലങ്കയിലെ തമിഴ് ജനത അനുഭവിക്കുന്ന പീഡനങ്ങളെ നെഞ്ചിലേറ്റുവാങ്ങാൻ മറ്റാരേക്കാളും നാം മുമ്പിലുണ്ടാവേണ്ടിയിരുന്നു. ആയിരങ്ങൾ മരണപ്പെടുകയും മൂന്നു ലക്ഷത്തിലേറെ പേർ അഭയാർഥികളാവുകയും ചെയ്ത ലങ്കയിലെ തമിഴരുടെ കൂട്ട നിലവിളി കടൽകാറ്റിനൊപ്പം അലയടിക്കുന്നത് കേൾക്കാം. എന്നിട്ടും നാം അത് കേൾക്കാതിരിക്കുകയോ?

തമിഴ് ജനതയുടെ സ്വയം നിർണയാവകാശം പരിരക്ഷിക്കാൻ തമിഴ് പുലികൾ തെരഞ്ഞെടുത്ത വഴികളോട് യോജിക്കാനാവില്ല. ഉപ ദേശീയതകളെ ചവിട്ടിയരക്കുന്ന ഭൂരിപക്ഷ വംശീയ ഭ്രാന്തിനെ നേരിടാൻ നിരവധി മിലിട്ടറി ഗ്രൂപ്പുകൾ ലോകത്തെല്ലായിടത്തുമുണ്ട്. ഒരർഥത്തിൽ പ്രഭാകരന്റെ മറ്റൊരു രൂപമാണല്ലോ ബിൻലാദൻ. താലിബാനും തമിഴ് പുലികളും പ്രായോഗിക തലത്തിൽ പലയിടങ്ങളിലും സന്ധിക്കുന്നുണ്ട്. അമേരിക്കൻ സേനയുടെ താലിബാൻ വേട്ടക്കെതിരെ ശക്തമായി പ്രതിഷേധിക്കാറുള്ളവർ എന്തുകൊണ്ട് രാജപക്സെയുടെ സിംഹളസേന തമിഴ്ജനതയോട് കാണിക്കുന്ന ക്രൂരതകൾക്കെതിരെ പ്രതികരിച്ചില്ല?

ശ്രീലങ്കയിൽ ചരിത്രം ആവർത്തിക്കുകയാണ്. വിജിഗീഷുക്കളായ ആര്യന്മാരുടെ അലറിച്ചിരിയും പരാജിതരായ ദ്രാവിഡരുടെ പലായനവും ഒരിക്കൽകൂടി ആവർത്തിക്കുകയാണവിടെ. ഈ ചരിത്രസന്ധിയിൽ ഇരകളോട് ഐക്യപ്പെടാൻ നമുക്ക് സാധിക്കണം.

കേരളത്തിലെ ഇടതുപക്ഷമടക്കമുള്ള രാഷ്ട്രീയ പാർട്ടികൾ ശ്രീലങ്കൻ പ്രശ്നത്തിലെടുത്ത നിലപാടിൽ വിസ്മയത്തിനിടമില്ല. അവർക്ക് വോട്ടു ബാങ്കിലാണ് കണ്ണ്. ശ്രീലങ്കൻ പ്രശ്നത്തിലിടപെട്ടതുകൊണ്ട് അവർക്ക് വോട്ട് ലാഭമില്ല. അതുപോലെയല്ലല്ലോ സോളിഡാരിറ്റി. കേരളജനത പ്രതീക്ഷയോടെ കണ്ണയക്കുന്ന പ്രസ്ഥാനമാണത്. ഇടതുപക്ഷം പിൻവാങ്ങിയേടത്ത് സധൈര്യം നിലയുറപ്പിച്ച 'നവ ഇടതുപക്ഷം'. അശാന്തിയുടെ തുരുത്തായി മാറിയ ലങ്കയിൽനിന്നുയരുന്ന ദ്രാവിഡ ജനതയുടെ നിലവിളികളോട് പ്രതികരിക്കാതിരിക്കാൻ എന്തവകാശമാണ് നമുക്കുള്ളത്?

**എം. സ്നേഹവ്രതൻ പൂക്കോട്ടൂർ**

# വികാരം കൊണ്ടതെന്തിന്?

**മറവി** മനുഷ്യസഹജമായ ദൗർബല്യമാണെന്നും അതിന്റെ പേരിൽ ദൈവംതമ്പുരാന്റെ മുന്നിൽ പോലും ശിക്ഷാർഹരല്ലെന്നും വിശ്വസിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ ജിഹ്വക്കെന്തേ മമ്മൂട്ടിയോടു മാത്രം ഇത്ര അസഹിഷ്ണുത? ഐഡന്റിറ്റി കാർഡ് എടുക്കാൻ മറന്നതിനെ ഇത്രമാത്രം അപഹസിക്കാനെന്തിരിക്കുന്നു? മിനിറ്റിന് ലക്ഷങ്ങൾ വിലയുള്ള താരരാജാവിനെ, ജനാധിപത്യ മര്യാദയെ മാനിക്കാനായി തന്റെ അരമണിക്കൂർ നീക്കിവെച്ചു എന്നതിന്റെ പേരിൽ പ്രശംസിക്കുകയല്ലേ വേണ്ടത്?

ന്യൂയോർക്കിലെ വിമാനത്താവളത്തിൽ തടഞ്ഞുവെക്കപ്പെട്ടു എന്നതാണ് മറ്റൊരു വിമർശനം. സംശയം തോന്നുന്ന ആരെയും തടഞ്ഞുവെക്കാനും ചോദ്യം ചെയ്യാനുമുള്ള സ്വാതന്ത്ര്യം ഏതു ഭരണകൂടത്തിനുമുണ്ട്. ആ സ്വാതന്ത്ര്യത്തെ അതിന് ഇരയാക്കപ്പെട്ട മമ്മൂട്ടിയും മാനിക്കുന്നു. എന്നിരിക്കെ ലേഖകൻ ഇത്രമാത്രം വികാരം കൊള്ളുന്നതെന്തിന്?

മമ്മൂട്ടി മുസ്‌ലിമായതിന്റെ പേരിലാണ് ഇങ്ങനെ അപമാനിതനായതെന്നാണ് ലേഖകന്റെ വാദമെങ്കിൽ, മാനവകുലത്തെയാകമാനം ഉൾക്കൊള്ളാൻ മാത്രം വിശാലതയുള്ള യഥാർഥ ഇസ്‌ലാമിനോടല്ല, സങ്കുചിത വീക്ഷണക്കാർ കുടുസ്സായി ചിത്രീകരിക്കുന്ന സാമ്പ്രദായിക ഇസ്‌ലാമിനോടാണ് ജനങ്ങൾക്ക് വിരോധം. ആ വിരോധം അധികരിപ്പിക്കാനോ അതോ ഇല്ലാതാക്കാനോ, എന്തിനാണ് ഇത്തരം കുറിപ്പുകൾ ഉപകരിക്കുക? 'പുളിച്ച' പ്രയോഗങ്ങൾക്ക് *പ്രബോധന*ത്തിന്റെ താളുകൾ നീക്കിവെക്കരുത് എന്നും അപേക്ഷിക്കുന്നു.

**ഷമീന അസീസ് ജിദ്ദ**

# അനുചിതമായ ഡയലോഗുകൾ

**ഏറെ** കാലത്തിനു ശേഷം 'സീതി'യുടെ പേജ് കണ്ടപ്പോൾ വളരെ പ്രതീക്ഷയോടെയാണ് വായിക്കാനൊരുങ്ങിയത്. നടൻ മമ്മൂട്ടിയുടെ ഐഡന്റിറ്റി ക്രൈസിസ് യഥാർഥത്തിൽ മുഖ്യധാരാ മാധ്യമങ്ങൾക്ക് വാർത്തയാണെങ്കിലും *പ്രബോധന*ത്തിന് അത് വിഷയമായതിന്റെ പൊരുൾ ലേഖനം വായിച്ചിട്ടും മനസ്സിലായില്ല.

അടുത്തകാലത്തായി മുസ്‌ലിം ചെറുപ്പക്കാർ അനുഭവിച്ചുക്കൊണ്ടിരിക്കുന്ന പ്രയാസങ്ങൾ മമ്മൂട്ടിയും ക്യാമറക്ക് മുന്നിലല്ലാതെ സ്വന്തം ജീവിതത്തിൽ അനുഭവിച്ചറിഞ്ഞല്ലോ എന്ന മട്ടിലുള്ള കിടിലൻ ഡയലോഗുകൾ വെച്ചു കാച്ചുകവഴി നമ്മളെന്താണ് കാംക്ഷിക്കുന്നത്?

മുസ്‌ലിംവേട്ട ഇതിവൃത്തമായി ആരെങ്കിലും ഒരു സിനിമയുമായി മമ്മൂട്ടിയെ സമീപിച്ചാൽ ജീവിത യാഥാർഥ്യങ്ങളിലെ ഇത്തരം കൈപ്പേറിയ അനുഭവപാഠങ്ങൾ അദ്ദേഹത്തെ ഒരു ഡേറ്റ് അനുവദിക്കുന്നതിൽ കൊണ്ടെത്തിച്ചേക്കാം. അല്ലെങ്കിൽ ശബാന ആസ്മിയെ പോലെ സാമൂഹിക പ്രവർത്തനത്തിന് ഇറങ്ങിയേക്കാം. അതിലുപരി ഒരു മുസ്‌ലിമിനുണ്ടായ പ്രതിസന്ധി കൂട്ടത്തിൽ നമ്മളും ആഘോഷിച്ചു.

പേരും പെരുമയും ഭരതും പത്മവുമൊന്നും ഒരു മുസ്‌ലിമിനെ, അത് മമ്മൂട്ടിയാണെങ്കിൽ പോലും രക്ഷക്കെത്തില്ല എന്ന ഒരു സന്ദേശം മാത്രമാണ് നൽകാനുദ്ദേശിച്ചതെങ്കിൽ ഇത്രയും ഡയലോഗുകൾ ആവശ്യമില്ലായിരുന്നു. വിഷയം മുസ്‌ലിം സ്വത്വ പ്രതിസന്ധിയും മുസ്‌ലിം വേട്ടയുമൊക്കെയാണെങ്കിലും നെറ്റിലും 'ബൂലോക'ത്തിലുമൊക്കെ കാണാറുള്ള 'ഭൈരവ സമാചാരം' പോലെയായിപ്പോയി ഇത്. *പ്രബോധനം* പോലുള്ള ഒരു വാരികയുടെ ഹൃദയ ഭാഗത്ത് ഇത് തീർത്തും അനുചിതമായി തോന്നി.

**സാജിദ് റഹ്മാൻ മസ്കത്ത്**

# ഒബാമയുടെ വഴി

**2009** മെയ് 23ലെ ലക്കത്തിൽ ഒ. സഫറുല്ല എഴുതിയ 'അഫ്ഗാൻ ഒബാമക്ക് ചുവട് പിഴക്കുന്നു' എന്ന ലേഖനം വായിച്ചു. മാർട്ടിൻ ലൂഥർകിംഗിന്റെ സ്വപ്ന സാക്ഷാത്കാരമായ അമേരിക്കൻ ചരിത്രത്തിലെ നാഴികക്കല്ലാണ് ബാറാക് ഒബാമ. പ്രസിഡന്റ് പദത്തിൽ ഒബാമക്ക് കിട്ടിയ പിന്തുണ ലോകത്തൊരു ഭരണാധികാരിക്കും കിട്ടിയിട്ടുണ്ടാവില്ല. ലോക രാഷ്ട്രങ്ങൾ പ്രതീക്ഷയോടെയാണ് ഒബാമയുടെ പ്രസിഡന്റ് പദത്തെ കണ്ടത്. എന്നാൽ അദ്ദേഹം ബുഷിന്റെ ചോരപ്പാതതന്നെ പിന്തുടരുകയാണോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. അധികാരത്തിന്റെ പുതുമണം മാറും മുമ്പേ അഫ്ഗാനിലേക്ക് കൂടുതൽ സൈന്യം വേണമെന്ന് വാശിപിടിച്ചു. സാമ്പത്തിക മാന്ദ്യം പിടിച്ചുനിർത്താൻ നെട്ടോട്ടമോടുന്ന വികസിത രാജ്യങ്ങൾ ഒബാമയുടെ അഫ്ഗാൻ നീക്കം തീരെ ഗൗനിച്ചില്ല. 2009ലെ ആദ്യ മൂന്നു മാസത്തിൽതന്നെ 140 ഓളം സിവിലിയന്മാരെയാണ് ഒബാമയുടെ സൈന്യം അഫ്ഗാനിൽ കൊന്നൊടുക്കിയത്. ഓരോ സിവിലിയൻ കൊല്ലപ്പെടുമ്പോഴും പ്രതികാര മനസ്സോടെ മറ്റൊരു സിവിലിയൻ വളർന്നുവരുന്നുണ്ട് എന്ന സത്യം ഒബാമ തിരിച്ചറിയുന്നില്ല.

**ശമീർ മുണ്ടുമുഴി**

## ചുരുക്കെഴുത്ത്

**ന്യൂയോർക്ക്** എയർപോർട്ടിൽ മമ്മൂട്ടി അനുഭവിച്ച ഐഡന്റിറ്റി ക്രൈസിസുമായി ബന്ധപ്പെട്ട് സീതി എഴുതിയത് വായിച്ചു. ഏതൊരു എയർപോർട്ട് അധികൃതരും തങ്ങളുടെ രാജ്യസുരക്ഷക്ക് വേണ്ട മുൻകരുതലുകൾ എടുക്കാറുള്ളതുപോലെയേ ന്യൂയോർക്കിലുമുണ്ടായിട്ടുള്ളൂ. ലോകത്തിന്റെ പല ഭാഗങ്ങളിലും കാണപ്പെടുന്ന മുസ്‌ലിം തീവ്രവാദത്തിന്റെ ദുരന്തങ്ങൾ ഇങ്ങനെ പല രൂപത്തിൽ മുസ്‌ലിംസമൂഹം നേരിടേണ്ടിവരുമെന്നതും പാഠമാകണം. മുഗൾ രാജാക്കന്മാരിൽ ചിലരുടെ ചെയ്തികൾ മൂലം ഇന്നും ഇന്ത്യൻ മുസ്‌ലിംകൾ പേരുദോഷം സഹിക്കുന്നു. വേൾഡ് ട്രേഡ് സെന്റർ ആക്രമണം മൂലം അമേരിക്കൻ യാത്ര നടത്തുന്ന മുസ്‌ലിംകളെ സംശയദൃഷ്ടിയോടെ നോക്കുന്നു, അത്രമാത്രം.

**നുഹ ബിൻത് കവ്വായി,**
**പയ്യന്നൂർ**